The Heavenly Light Ministry

വിശ്വാസ ജീവിതപടകിൽ ഞാൻ
സീയോൻ നഗരിയിൽ പോകുന്നു ഞാൻ
വിശ്വാസ നായകനേശുവേ നോക്കി
വിശ്രമദേശത്തു പോകുന്നു ഞാൻ
അലകൾ പടകിലടിച്ചെന്നാൽ
അല്ലലൊരൽപവുമില്ലെനിക്ക്
ആഴിയുമൂഴിയും നിർമ്മിച്ചനാഥൻ
അഭയമായെന്നരികിലുണ്ട് ... വശ്വാസ...

നാനാപരീക്ഷകൾ വേദനകൾ
നന്നായെനിക്കിന്നുണ്ടായീടിലും
നാഥനെയുള്ളത്തിൽ ധ്യാനിച്ചു എൻ
ക്ഷീണം മറന്നങ്ങു പോകുന്നു ഞാൻ ... വിശ്വാസ...
മരണനിഴലിൻ താഴ്വരയിൽ
ശരണമായെനിക്കേശുവുണ്ട്
കരളലിഞ്ഞുയെൻ കൈകൾ പിടിച്ചു
കരുതി നടത്തുമെന്നന്ത്യം വരെ ... വിശ്വാസ...

വിണ്ണിലെൻ വീട്ടിൽ ഞാൻ ചെന്നുചേരും
കണ്ണുനീരൊക്കെയുമന്നു തീരും
എണ്ണിയാൽ തീരാത്ത വൻകൃപകൾ
വർണ്ണിച്ചു പാദത്തിൽ വീണിടും ഞാൻ ... വിശ്വാസ...